പതിനാലാം കേരള നിയമസഭ
13-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3811 12.12.2018-ൽ മറുപടിയ്ക്ക്

## സി.ആർ.ഇസെഡ് ചട്ടങ്ങളിൽ ഇളവുകൾ

| ചോദ്യം<br>**ശ്രീ.കെ. ദാസൻ** | മറുപടി<br>**പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
|---|---|
| (എ) സി.ആർ.ഇസെഡ് ചട്ടങ്ങളിൽ ഇളവുകൾ വരുത്തിക്കൊണ്ടുള്ള ഏതെങ്കിലും ഭേദഗതി ഉത്തരവുകൾ കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്നും സംസ്ഥാന സർക്കാരിന് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ; | (എ) സി.ആർ.ഇസെഡ് ചട്ടങ്ങളിൽ ഇളവുകൾ വരുത്തിക്കൊണ്ടുള്ള ഭേദഗതി ഉത്തരവുകൾ ഒന്നും കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്നും ലഭിച്ചിട്ടില്ല. |
| (ബി) നിലവിലെ ചട്ടങ്ങളിൽ വരുത്തുന്ന ഭേദഗതികളെക്കുറിച്ച് സംസ്ഥാന സർക്കാരിനോട് കേന്ദ്ര സർക്കാർ അഭിപ്രായം / നിർദ്ദേശം ആവശ്യപ്പെട്ടിരുന്നോ;<br>(സി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്തെല്ലാം നിർദ്ദേശങ്ങളാണ് സർക്കാർ നൽകിയത് എന്ന് വിശദമാക്കാമോ? | (ബി) & (സി) 2011 ജനവരി 6 ന് തീരദേശ നിയന്ത്രണ വിജ്ഞാപനം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചു. തീരദേശ പരിപാലന നിയമം നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് ഡോ.ഷൈലേഷ് നായിക് അധ്യക്ഷനായി 2014 ജൂൺ 17 ന് കേന്ദ്ര സർക്കാർ ഒരു സമിതി രൂപീകരിച്ചു. ടി സമിതി 2014 ആഗസ്റ്റ് 22 ന് കേരളം സന്ദർശിക്കുകയും മുഖ്യമന്ത്രിയുമായും ചീഫ് സെക്രട്ടറി ഉൾപ്പെടെ വിവിധ ഉദ്യോഗസ്ഥരുമായും CRZ നിയമം നടപ്പിലാക്കുമ്പോൾ നേരിടേണ്ടിവരുന്ന |

ബുദ്ധിമുട്ടുകളെക്കുറിച്ച് ചർച്ചചെയ്തു. 2014 ഒക്ടോബർ 27 ന് കേരളമുൾപ്പെടെയുള്ള മറ്റ് സംസ്ഥാനങ്ങളുമായി ന്യൂഡൽഹിയിൽ വച്ച് വീണ്ടും ചർച്ച നടത്തി. അതിന് ശേഷം 2015 ജനുവരിയിൽ തീരദേശ മേഖലയിൽ ഭവന നിർമ്മാണത്തിനും മറ്റും ഇളവു നൽകുന്നതിന് ശുപാർശ ചെയ്ത് വിശദമായ റിപ്പോർട്ട് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് കമ്മിറ്റി സമർപ്പിച്ചിരുന്നു.

സെക്ഷൻ ഓഫീസർ